അഫ്ഗാനിസ്ഥാനിൽ കാബൂളിന് 700 കി.മീ അകലെ റോഡിൽ സ്ഥപിച്ചിരുന്ന ബോംബ് പൊട്ടി ബസ് തകർന്ന സ്ഥലത്ത് കൂടിനിൽക്കുന്നവർ. സംഭവത്തിൽ 28പേർ മരിച്ചു

ഐഎസ്ഐയുടെ പങ്ക് യുഎസ് അന്വേഷിക്കുന്നു

വാഷിങ്ടൺ: മുംബൈ ഭീകരാക്രമണത്തിൽ പാക്ക് ചാര സംഘടനയായ ഐഎസ്ഐക്കുള്ള പങ്ക് അന്വേഷിച്ചുവരുന്നതായി യുഎസ് ഭരണകൂടം അറിയിച്ചു. 2008 നവംബർ 26നു നടന്ന ആക്രമണം ആസൂത്രണം ചെയ്തു നടപ്പാക്കിയതിൽ ഐഎസ്ഐക്കു പങ്കുള്ളതായി ഇന്ത്യയുടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശിവശങ്കർ മേനോനും ആഭ്യന്തര സെക്രട്ടറി ജി.കെ. പിള്ളയും ആരോപിച്ചിരുന്നു. യുഎസിൽ അറസ്റ്റിലായ ലഷ്കർ ഭീകരൻ ഡേവിഡ് ഹെഡ്ലിയെ ചോദ്യം ചെയ്തപ്പോൾ ഇക്കാര്യം വ്യക്തമായതായും അവർ പറഞ്ഞിരുന്നു.

യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജയിംസ് ജോൺസ് ഈയിടെ ഇന്ത്യ സന്ദർശിച്ചപ്പോൾ ഇക്കാര്യം ചർച്ച ചെയ്തിരുന്നു. മുംബൈ ആക്രമണത്തിനു പിന്നിൽപ്രവർത്തിച്ചവർക്കെതിരെ പാക്കിസ്ഥാൻ നടപടിയെടുത്താൽ മാത്രമേ ഇന്ത്യ - പാക്ക് ബന്ധം മെച്ചപ്പെടുത്താനാവൂ എന്ന് ഒരു ഉന്നത യുഎസ് ഉദ്യോഗസ്ഥൻ പാക്ക് സർക്കാരിനെയും അറിയിച്ചിരുന്നു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിനു യുഎസ് നൽകുന്ന സഹായം പാക്കിസ്ഥാൻ ദുരുപയോഗപ്പെടുത്തുന്നില്ലെന്ന് ഉറപ്പു വരുത്തണമെന്നു യുഎസ് കോൺഗ്രസിലും ആവശ്യമുയർന്നിരുന്നു.ഈയിടെ വിക്കിലീക്സ് എന്ന വെബ്സൈറ്റ് ചോർത്തിയെടുത്തു പുറത്തുവിട്ട യുഎസ് സൈനിക രഹസ്യരേഖകളും ഐഎസ്ഐക്ക് അൽ ഖായിദ, താലിബാൻ തുടങ്ങിയ ഭീകര സംഘടനകളുമായുള്ള ബന്ധം ശരിവയ്ക്കുന്നുണ്ട്.

ഭീകരരെ സഹായിക്കുന്ന പാക്ക് നിലപാടിൽ മാറ്റം വന്നെന്ന് ഇന്ത്യയെ ബോധ്യപ്പെടുത്തണമെങ്കിൽ മുംബൈ ആക്രമണത്തിനുപിന്നിൽ പ്രവർത്തിച്ചവർക്കെതിരെ നടപടിയെടുത്തേ തീരൂ എന്നു യുഎസ് സ്റ്റേറ്റ് സെക്രട്ടറി ഹിലരി ക്ലിന്റനും പാക്കിസ്ഥാനെ അറിയിച്ചിരുന്നു. സ്വന്തം നിലനിൽപിനു ഭീകരർ ഭീഷണി ഉയർത്തുന്ന സാഹചര്യം ബോധ്യമായതിനെ തുടർന്നാണു പാക്കിസ്ഥാൻ അവർക്കെതിരെ നീങ്ങിത്തുടങ്ങിയതെന്നും യുഎസ് കരുതുന്നു.ഇപ്പോൾ പുറത്തായ സൈനിക രഹസ്യ രേഖകൾ ദേശീയ സുരക്ഷയ്ക്കു ഭീഷണിയാകുമോയെന്നു പരിശോധിച്ചുവരികയാണെന്നു പെന്റഗൺ വക്താവ് കേണൽ ഡേവ് ലപാൻ അറിയിച്ചു. 92000 രേഖകൾ ചോർന്നതായി കണക്കാക്കപ്പെടുന്നു. രേഖകൾ ചോർന്നതിനു പിന്നിൽ സൈനിക രഹസ്യാന്വേഷണ വിശകലന വിദഗ്ധൻ ബ്രാഡ്ലി മാനിങ്ങാണോയെന്നു സംശയമുള്ളതായും ഇക്കാര്യം അന്വേഷിച്ചു വരുന്നതായും അദ്ദേഹം പറഞ്ഞു.

ബ്രസീൽ ടീമിൽ വൻ അഴിച്ചുപണി

റയോ ദ ഷാനേറോ: ബ്രസീൽ ഫുട്ബോൾ ടീമിൽ വൻ അഴിച്ചുപണി. പുതിയ കോച്ച് മാനോ മെനീസസ് ആണ് ടീമിൽ പുതിയ മാറ്റങ്ങൾ തുടങ്ങിയിരിക്കുന്നത്. അടുത്ത മാസം അമേരിക്കയ്ക്കെതിരേ നടക്കുന്ന സൗഹൃദ മൽസരത്തിനായി ലോകകപ്പ് ടീമിൽ കളിച്ച എട്ട് താരങ്ങളെ ഒഴിവാക്കിയാണ് കോച്ച് ടീം പ്രഖ്യാപിച്ചത്.

ഡാനി ആൽവസ്, തിയാഗോ സിൽവ, റമീറസ്, റൊബീഞ്ഞോ എന്നിവരെ മാത്രമാണ് ലോകകപ്പ് ടീമിൽ നിന്നും കോച്ച് നിലനിർത്തിയത്. ലോകകപ്പ് ടീമിലേയ്ക്ക് പരിഗണിക്കാതിരുന്ന എ.സി മിലാൻ സ്ട്രൈക്കർ അലക്സാണ്ട്രോ പാറ്റോയെ ടീമിലുൾപ്പെടുത്തിയിട്ടുണ്ട്. ലോകകപ്പിന്റെ ക്വാർട്ടർ ഫൈനലിൽ ഹോളണ്ടിനോട് തോറ്റ് പുറത്തായതിനെ തുടർന്ന് കോച്ച് ദുംഗയെ ബ്രസീൽ ഫുട്ബോൾ അസോസിയേഷൻ പുറത്താക്കിയിരുന്നു.

സേവാഗിന് സെഞ്ചുറി നഷ്ടമായി

കൊളംബോ: രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ശ്രീലങ്കയുടെ കൂറ്റൻ ഒന്നാം ഇന്നിങ്സ് സ്കോർ പിന്തുടരുന്ന ഇന്ത്യക്ക് മൂന്നാം ദിനം മുന്നു വിക്കറ്റ് നഷ്ടം. ഓപ്പണർ വീരേന്ദർ സേവാഗിന് ഒരു റൺസ് അകലെ സെഞ്ചുറി നഷ്ടമായി. റൺഡീവിന്റെ പന്തിൽ വിക്കറ്റ് കീപ്പർ പ്രസന്ന ജയവർധന സേവാഗിനെ സ്റ്റംപ് ചെയ്തു പുറത്താക്കുകയായിരുന്നു. മുരളി വിജയ് 58 റൺസെടുത്തു.101 പന്തിൽ 15 ഫോറുകളുടെ അകമ്പടിയോടെയാണ് സേവാഗ് 99 ൽ എത്തിയത്.. രാഹുൽ ദ്രാവിഡാണ്(മൂന്ന്) പുറത്തായ മൂന്നാമത്തെ ബാറ്റ്സ്മാൻ.

സംഗക്കാരയുടെ ഇരട്ട സെഞ്ചുറിയുടെ കരുത്തിൽ ഇന്ത്യക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ ആദ്യ ഇന്നിങ്സിൽ ലങ്കയ്ക്ക് കൂറ്റൻ സ്കോർ. നാല് വിക്കറ്റ് നഷ്ടത്തിൽ 642 റൺസ് എടുത്ത ലങ്ക ഇന്നിങ്സ് ഡിക്ലയർ ചെയ്യുകയായിരുന്നു. രണ്ടിന് 312 എന്ന നിലയിലാണ് ശ്രീലങ്ക ചൊവ്വാഴ്ച ബാറ്റിങ് പുനരാരംഭിച്ചത്. 399 പന്തിൽനിന്ന് 219 റൺസാണ് സംഗക്കാര സ്കോർ ചെയ്തത്. 174 റൺസുമായി ജയവർദ്ധന ഉറച്ച പിന്തുണ ലങ്കൻ ക്യാപ്ടന് നൽകി. പരന വിതനര 100 ഉം ദിൽശാൻ 54ഉം റൺസ് എടുത്തു. സമരവീര പുറത്താകാതെ 76 റൺസ് നേടി.

മറഡോണയെ പുറത്താക്കി

ബ്യൂണസ് ഐറിസ്: അർജന്റീന ഫുട്ബോൾ ടീമിന്റെ പരിശീലക സ്ഥാനത്ത് നിന്നും ഡീഗോ മറഡോണയെ പുറത്താക്കി. അർജന്റീന ഫുട്ബോൾ അസോസിയേഷനാണ് മറഡോണയെ പുറത്താക്കിയത്.അടുത്ത ലോകകപ്പ് വരെ ടീമിന്റെ പരിശീലക സ്ഥാനത്ത് തുടരണമെന്ന് നേരത്തെ അസോസിയേഷൻ മറഡോണയോട് അഭ്യർഥിച്ചിരുന്നു. എന്നാൽ ഈ ലോകകപ്പിന് തന്നോടൊപ്പമുണ്ടായിരുന്ന എല്ലാവരേയും നിലനിർത്തുന്നെങ്കിൽ മാത്രമേ താൻ പരിശീലകസ്ഥാനം ഏറ്റെടുക്കാനുള്ളൂ എന്ന നിലപാടിലായിരുന്നു മറഡോണ. ഈ തീരുമാനമാണ് അസോസിയേഷനെ ചൊടിപ്പിച്ചത്. അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ഏകപക്ഷീയമായിട്ടായിരുന്നു മറഡോണയെ പുറത്താക്കാൻ തീരുമാനമെടുത്തത്.

തീരുമാനം വേദനാജനകമാണെന്നും എന്നാൽ മറ്റ് വഴികളില്ലെന്നുമായിരുന്നു അസോസിയേഷൻ വക്താവ് ഏണസ്റ്റോ ചെർക്യൂസ് ബയാലോയുടെ പ്രതികരണം. അർജന്റീനിയൻ യൂത്ത് ടീം മാനേജർ സെർജിയോ ബാറ്റിസ്റ്റയ്ക്ക് താൽക്കാലിക പരിശീലകന്റെ സ്ഥാനം നൽകിയിട്ടുണ്ട്. അടുത്ത മാസം പതിനൊന്നിന് ഡബ്ലിനിൽ അയർലാൻഡിനെതിരേ നടക്കുന്ന സൗഹൃദമത്സരത്തിൽ അർജന്റീന ബാറ്റിസ്റ്റയ്ക്ക് കീഴിലായിരിക്കും ഒരുങ്ങുക.

ലണ്ടൻ ഒളിമ്പിക്സിനു കൗണ്ട്ഡൗൺ തുടങ്ങി

ലണ്ടൻ: 2012 ഒളിമ്പിക്സിനുള്ള കൗണ്ട്ഡൗൺ ലണ്ടനിൽ തുടങ്ങി. 78,000 വോളണ്ടിയർമാർക്ക് കർമനിരതരാകാനുള്ള സന്ദേശം അയച്ചാണ് ഔദ്യോഗിക കൗണ്ട്ഡൗൺ ആരംഭിച്ചത്.

ഇതുകൂടാതെ, ഒളിമ്പിക്സ് നഗരത്തിൽ പ്രമോഷണൽ ഓഫീസും ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 2012 ജൂലൈ 27 നാണ് ലണ്ടൻ ഒളിമ്പിക്സിനു ദീപം തെളിയുന്നത്. ലണ്ടൻ മേയർ ബോറിസ് ജോൺസൺ എല്ലാ വോളണ്ടിയർമാരോടും ഗെയിംസിനെക്കുറിച്ചുള്ള വിവരങ്ങൾ സന്ദർശകർക്ക് നൽകാൻ നിർദ്ദേശം നൽകി.

ആയുധങ്ങൾദുരുപയോഗം ചെയ്യില്ലെന്ന് ഉറപ്പുവരുത്താൻ വ്യവസ്ഥയുണ്ടെന്ന് യുഎസ്

വാഷിംഗ്ടൺ: താലിബാനെതിരായ പോരാട്ടത്തിനായി പാക്കിസ്ഥാന് നൽകുന്ന ആയുധങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കാനുള്ള വ്യവസ്ഥയുണ്ടെന്ന് അമേരിക്ക വ്യക്തമാക്കി. പാക്കിസ്ഥാനുമായുള്ള കരാറിൽ ഇത് സംബന്ധിച്ച വ്യവസ്ഥയുണ്ടെന്നും പാക്കിസ്ഥാനുള്ള സഹായം ഇന്ത്യയോടുള്ള നെഗറ്റീവ് സമീപനമല്ലെന്നും യുഎസ് വിദേശകാര്യമന്ത്രാലയം വക്താവ് പിജെ ക്രൗലി വ്യക്തമാക്കി.

പാക്കിസ്ഥാന് അമേരിക്ക നൽകുന്ന സഹായം സ്വന്തം അതിർത്തിക്കുള്ളിലെ ഭീഷണി നേരിടാനാണ്. അത് ഇന്ത്യയ്ക്ക് ഭീഷണിയായി കാണേണ്ട കാര്യമില്ലെന്നും ക്രൗലി പറഞ്ഞു. കഴിഞ്ഞ ദിവസം ഇക്കാര്യത്തിൽ ഇന്ത്യൻ പ്രതിരോധ മന്ത്രി എകെ ആന്റണി ആശങ്ക രേഖപ്പെടുത്തിയിരുന്നു. താലിബാനെ നേരിടാൻ ആവശ്യമുള്ളതിലും അധികം ആയുധങ്ങൾ യുഎസ് പാക്കിസ്ഥാന് നൽകിയതായും ഇത് ഇന്ത്യയ്ക്കെതിരേ ദുരുപയോഗം ചെയ്യുമോ എന്ന് ആശങ്കയുണ്ടെന്നും ആന്റണി വ്യക്തമാക്കിയിരുന്നു. ഈ സാഹചര്യത്തിലാണ് യുഎസിന്റെ മറുപടി.പാക്കിസ്ഥാനോട് ഇക്കാര്യം നേരിട്ട് ചോദിച്ചിട്ടുള്ളതാണെന്നും ഇക്കാര്യത്തിൽ കഴിഞ്ഞ കാലങ്ങളിലെ പാക്കിസ്ഥാന്റെ പ്രവർത്തനങ്ങളിൽ വിശ്വസിച്ച് മുന്നോട്ട് പോകാവുന്നതാണെന്നും ക്രൗലി പറഞ്ഞു.

മുംബൈ ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവരെ പാക്കിസ്ഥാൻ നിയമത്തിന് മുന്നിൽ കൊണ്ടുവരുമോ എന്ന കാര്യത്തിൽ ഇപ്പോഴും ആശങ്ക നിലനിൽക്കുന്നുണ്ടെന്നും ഇക്കാര്യം പാക്കിസ്ഥാനുമായി നിരവധി തവണ ചർച്ച നടത്തിയിട്ടുള്ളതാണെന്നും ക്രൗലി പറഞ്ഞു. ഇക്കാര്യത്തിൽ ഇന്ത്യയുടെ ആശങ്ക പാക്കിസ്ഥാൻ പരിഗണിക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പാക്കിസ്ഥാനും ഇന്ത്യയും തമ്മിലുള്ള ദ്വിഭാഷണം അമേരിക്ക ഉൾപ്പെടെയുള്ള ലോകരാജ്യങ്ങൾക്ക് ഗുണകരമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ട്രെയിനർ ജറ്റുകൾക്കായി ബ്രട്ടീഷ് കമ്പനിയുമായി കരാർ

ന്യൂഡൽഹി: വ്യോമസേനയ്ക്കും നാവികസേനയ്ക്കും ട്രെയ്നർ ജെറ്റുകൾ വാങ്ങാൻ ബ്രട്ടീഷ് കമ്പനിയുമായി ഇന്ത്യ കരാർ ഒപ്പിട്ടു. 775 മില്യൻ ഡോളർ മുതൽമുടക്ക് വരുന്നതാണ് ഇടപാട്. ബ്രട്ടീഷ് കമ്പനിയായ ബിഎഇ സിസ്റ്റംസുമായിട്ടാണ് ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് ഇത് സംബന്ധിച്ച കരാർ ഒപ്പിട്ടത്. അമ്പത്തിയേഴ് ഹാക്ക് അഡ്വാൻസ്ഡ് ട്രെയ്നർ ജെറ്റുകളാണ് ഇന്ത്യ വാങ്ങുക. ഇതിൽ നാൽപതെണ്ണം വ്യോമസേനയ്ക്കും ബാക്കി നാവികസേനയ്ക്കുമാണ്. ഇന്ത്യയിലേക്ക് കടന്നുവരാൻ കാത്തിരിക്കുന്ന ബ്രട്ടീഷ് പ്രതിരോധ ആയുധ നിർമാണ കമ്പനികൾക്ക് പുത്തനുണർവ്വ് നൽകുന്നതാണ് കരാർ. യുഎസ്, റഷ്യൻ, ഇസ്രായേൽ കമ്പനികളായിരുന്നു ഇന്ത്യയുടെ ആയുധക്കമ്പോളം അടക്കിവാണിരുന്നത്. 2008 ൽ ബിഎഇ സിസ്റ്റംസിൽ നിന്നും ഇന്ത്യ 24 ട്രെയ്നർ ജെറ്റുകൾ വാങ്ങിയിരുന്നു.

മലയാളി അസോസിയേഷൻ തെരഞ്ഞെടുപ്പ് 1-ന്

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ 2010–12 വർഷങ്ങളിലേക്കുള്ള ഭാരവാഹികളെ ഓഗസ്റ്റ് ഒന്നിന് തെരഞ്ഞെടുക്കും. ഓഗസ്റ്റ് ഒന്നിന് ഞായറാഴ്ച ഉച്ചയ്ക്ക് 12 മുതൽ വൈകീട്ട് ഒമ്പതുവരെ ബെൽവുഡ് സീറോ മലബാർ കത്തീഡ്രൽ ചാവറ ഹാളിൽ വെച്ചായിരിക്കും തെരഞ്ഞെടുപ്പ് നടക്കുന്നത്. പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ, 13 ബോർഡ് മെമ്പേഴ്സ് എന്നീ സ്ഥാനങ്ങളിലേക്കാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. ഷിക്കാഗോ മലയാളി അസോസിയേഷൻ ലൈഫ് മെമ്പേഴ്സിനായിരിക്കും വോട്ട് ചെയ്യുന്നതിനുള്ള അവകാശം. അവർ 2009 ഡിസംബർ 31–ന് മുമ്പായി മെമ്പർഷിപ്പ് എടുത്തവരായിരിക്കണം. വോട്ട് ചെയ്യുന്നവർ ഡ്രൈവിംഗ് ലൈസൻസ് അഥവാ ഐ.ഡി കാർഡ് കൊണ്ടുവരണമെന്ന് ഇലക്ഷൻ കമ്മീഷണർ പ്രഫ. കെ.എസ്. ആന്റണി അറിയിച്ചു.

സ്കാർലറ്റിന്റെ കൊലപാതകം: ഫിയോണ 30ന് ഹാജരാകും

പനാജി: വിനോദ സഞ്ചാരത്തിന് ഗോവയിൽ എത്തിയ ബ്രിട്ടീഷുകാരി പെൺകുട്ടി സ്കാർലറ്റ് ഏഡൻ കീലിങ് ഗോവയിലെ അൻജുന ബീച്ചിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച കേസിൽ സ്കാർലറ്റിന്റെ അമ്മ ഫിയോണ 30ന് ഗോവയിലെ കുട്ടികളുടെ കോടതിയിൽ ഹാജരാകും. കോടതി ഫിയോണയ്ക്കു സമൻസ് അയച്ചിരുന്നു. സംഭവവുമായി ബന്ധപ്പെട്ടു ഫിയോണയിൽ നിന്നു കൂടുതൽ മൊഴി എടുക്കുന്നതിനു വേണ്ടിയാണിതെന്ന് അവരുടെ അഭിഭാഷകൻ വിക്രം പറഞ്ഞു.

2008 ഫെബ്രുവരി 18നാണ് സ്കാർലറ്റിന്റെ മൃതദേഹം അൻജുന ബീച്ചിൽ കാണപ്പെട്ടത്. പൊലീസ് പ്രതികളെ രക്ഷിക്കാൻ ശ്രമിക്കുന്നു എന്നാരോപിച്ചു ഫിയോണ നൽകിയ പരാതിയെ തുടർന്ന് കേസ് സിബിഐയ്ക്കുകൈമാറുകയായിരുന്നു. കേസിൽ അറസ്റ്റിലായ രണ്ടു പേരുടെ വിചാരണ നടക്കുകയാണ്.

പർഗത് സിംഗ് കൽമാഡിക്കെതിരേ

ന്യൂഡൽഹി: ഹോക്കി ഫെഡറേഷനും ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷനു മെതിരേ ഒളിമ്പ്യൻ പർഗത് സിംഗ് രംഗത്ത്. ഹോക്കി ഫെഡറേഷൻ അധ്യക്ഷ സ്ഥാനത്തേയ്ക്ക് മാനദണ്ഡങ്ങൾ മറികടന്ന് 83 കാരിയായ വിദ്യ സ്റ്റോക്സിനെ മത്സരിപ്പിക്കാനുള്ള നീക്കത്തെ അദ്ദേഹം കടുത്ത ഭാഷയിലാണ് വിമർശിച്ചത്.

സർക്കാരിന്റെ സഹായമില്ലാതെ പ്രവർത്തിക്കാമെന്ന് ഹോക്കി ഇന്ത്യക്ക് ധാരണയുണ്ടെന്നും അദേഹം പറഞ്ഞു. ഒളിമ്പിക്സ് അസോസിയേഷൻ പ്രസിഡന്റ് സുരേഷ് കൽമാഡിയുടെ പ്രവൃത്തികൾ മൂലം രാജ്യത്തിന്റെ കായികമേഖല അനുദിനം തകരുകയാണെന്നും പർഗത് ആരോപിച്ചു.

ചൈനയിൽ ഫാക്ടറിയിൽ സ്ഫോടനം: ആറ് മരണം.

ബെയ്ജിങ്: കിഴക്കൻ ചൈനയിലെ നാൻജിങ് പ്രവിശ്യയിൽ ഒരു ഫാക്ടറിയിലുണ്ടായ സ്ഫോടനത്തിൽ ആറു മരണം. മുന്നോറോളം പേർക്കു പരുക്കേറ്റതായി പ്രാദേശിക ടിവി ചാനൽ റിപ്പോർട്ടു ചെയ്തു. ഇവരിൽ അൻപതു പേരുടെ പരുക്കുകൾ ഗുരുതരമാണെന്നും റിപ്പോർട്ടുണ്ട്.

പ്ലാസ്റ്റിക്, കെമിക്കൽ ഫാക്ടറിയിലാണ് സ്ഫോടനം ഉണ്ടായത്. വാതക ചോർച്ചയാണ് അപകടകാരണമെന്നാണ് പ്രാഥമിക നിഗമനം. ഫാക്ടറിക്കു സമീപത്തു കൂടി പോവുകയായിരുന്ന ബസിലുള്ളവർക്കും സ്ഫോടനത്തിൽ പരുക്കേറ്റിട്ടുണ്ട്. സ്ഫോടനത്തെത്തുടർന്നുള്ള കറുത്ത പുക അടുത്തുള്ള മൂന്നു നിലക്കെട്ടിടത്തിലേക്കു വ്യാപിക്കുന്നതു കാണാമായിരുന്നു.

ഇന്തൊനീഷ്യൻ ചരക്കു കപ്പൽ രക്ഷപെടുത്തി

മംഗലാപുരം: തുറമുഖത്തിനടുത്ത് തണ്ണീർബാവിയിൽ അപകടത്തിൽപ്പെട്ട ഇന്തൊനീഷ്യൻ ചരക്കു കപ്പൽ കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ രക്ഷപെടുത്തി. ഇന്തൊനീഷ്യയുടെ തലസ്ഥാനമായ ജക്കാർത്തയിൽ നിന്ന് ഇറാനിലേക്ക് ചരക്കുമായി പോകുകയായിരുന്ന ആൻഡ്രിയൻ എന്ന കപ്പലാണ് അപകടത്തിൽപ്പെട്ടത്. യാത്രാമധ്യേ ഇന്ധനം തീർന്നതിനെ തുടർന്നു മംഗലാപുരം തുറമുഖത്തിനു 10 നോട്ടിക്കൽ മൈൽ ദൂരത്തു കപ്പൽ നങ്കൂരമിടാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. വിവരം ലഭിച്ചതിനെ തുടർന്ന് കോസ്റ്റു ഗാർഡെത്തി കപ്പലിലെ എട്ടു ജീവനക്കാരെ രക്ഷപെടുത്തി. പിന്നീട് മറ്റൊരു കപ്പലിൽ ഇന്ധനമെത്തിച്ചു ചരക്കു കപ്പൽ തുറമുഖത്തടുപ്പിക്കുകയായിരുന്നു. പരിശോധനയ്ക്കുശേഷം കപ്പൽ വിട്ടയച്ചു.

'ഓണസദ്യ 2010' ഓഗസ്റ്റ് 22-ന്

മെൽബൺ: മലയാളി അസോസിയേഷൻ ഓഫ് വിക്ടോറിയയുടെ ആഭിമുഖ്യത്തിൽ ഈവർഷത്തെ ഓണാഘോഷം 'ഓണസദ്യ 2010' ഓഗസ്റ്റ് 22-ന് സ്പ്രിംഗ് വേൽ ടൗൺ ഹാളിൽ നടക്കും. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈവർഷത്തെ ഓണ സദ്യ ഉച്ചയ്ക്ക് 12-ന് ആരംഭിക്കും. ഓണസദ്യയ്ക്ക് മുന്നോടിയായി വടംവലി മത്സരവും, തലപ്പന്ത് കളി മത്സരവും ഉണ്ടായിരിക്കും. കുട്ടികൾക്കും സ്ത്രീകൾക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും. മലയാളികൾക്കൊപ്പം തദ്ദേശീയരും ഓണസദ്യയിൽ പങ്കാളികളാകും.

രാവിലെ പത്തിന് മത്സരങ്ങൾ ആരംഭിക്കും. ഇതോടൊപ്പം അത്തപ്പൂക്കള മത്സരവും, ചിത്രരചനാ മത്സരവും നടക്കും. കലാപരിപാടികൾ വൈകുന്നേരം മൂന്നുമുതൽ ആരംഭിക്കും. രാത്രി ഏഴോടെ പരിപാടികൾ അവസാനിക്കും. എല്ലാ മത്സരങ്ങൾക്കും കാഷ് അവാർഡും ട്രോഫികളും നൽകും.

ആൾട്ടോ, സാൻട്രോ, ഇൻഡിക്ക- ഏറ്റവും പ്രിയപ്പെട്ട കാറുകൾ

ന്യൂഡൽഹി: ഒട്ടേറെ പുതിയ വാഹനമോഡലുകൾ പുറത്തിറങ്ങിയെങ്കിലും ഇന്ത്യക്കാർക്ക് ഏറ്റവും പ്രിയപ്പെട്ടത് മൂന്നു കാർ മോഡലുകൾ- മാരുതി ആൾട്ടോ, ഹ്യുണ്ടായ് സാൻട്രോ, ടാറ്റ ഇൻഡിക്ക. ഏറ്റവും ഇഷ്ടപ്പെട്ട കാറുകൾ തെരഞ്ഞെടുക്കാനുള്ള പട്ടികയിൽ മുപ്പതു മോഡലുകളെങ്കിലും കടന്നു കൂടിയെങ്കിലും അന്തിമ റൗണ്ടിൽ എത്തിയതു ഈ മൂന്നു മോഡലുകൾ മാത്രമാണ്.മഹീന്ദ്ര ബോലേറോ, ഫോർഡ് എക്കൊണ്ട, ഹ്യുണ്ടായ് അക്സന്റ് എന്നിവയും തൊട്ടുപിന്നാലെ എത്തി. വളരെ വിലക്കുറവുള്ള കാറുകൾ തന്നെയാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിൽപ്പനയുള്ള വാഹനങ്ങളെന്നു മാരുതി സുകി ചെയർമാൻ ആർ. സി. ഭാർഗവ പറഞ്ഞു. താരതമ്യേന വിലക്കുറവുള്ള ആൾട്ടോ കാറുകൾ വിപണിയിലെത്തിക്കാനുള്ള തിരക്കിലാണ് മാരുതി. ഒരുവർഷം 3,50,000 ആൾട്ടോ വിൽക്കാനാണ് മാരുതിയുടെ ഉദ്ദേശ്യം.

ആൾട്ടോയ്ക്കു പിന്നാലെ വരുന്നത് മാരുതി വാഗൺ ആർ ആണ്. ഒരു മാസം 12000 വാഗൺ ആറുകൾ വിൽക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണ നിയമങ്ങളുടെ കുരുക്കിൽപ്പെട്ട മാരുതി 800 ഇപ്പോഴും മാസം രണ്ടായിരം എണ്ണം വിറ്റുപോകുന്നുണ്ട്.മാരുതിയുടെ തൊട്ടുപിന്നാലെ വരുന്നത് ഹ്യുണ്ടായ് ആണ്. ഒരു മാസം 7000 സാൻട്രോ കാറുകൾ ഹ്യുണ്ടായ് വിൽക്കുന്നുണ്ട്. എന്നാൽ ഐ10 കാറുകൾ മാസം 20,000 വിൽക്കുന്നു. ഈ മോഡൽ നിലനിർത്താനുള്ള തീരുമാനം കമ്പനിക്കു ഗുണം ചെയ്തുവെന്ന് കരുതുന്നു.

ഈ ഗണത്തിൽ ഒന്നാമതെത്തിയത് ഇക്കാരണത്താലാണെന്നും അദ്ദേഹം പറഞ്ഞു. ഇതേ സാങ്കേതിക വിദ്യ അനുസരിച്ചു പ്രവർത്തിക്കുന്ന കാറുകളാണ് ഇപ്പോൾ മുന്നിലെത്തിയിരിക്കുന്നതെന്നും ഭാർഗവ പറഞ്ഞു.

പഴയ മോഡലുകൾ നിലനിർത്താനുള്ള പ്രവണത ഒരു വിഭാഗം ഇന്ത്യക്കാരുടെ പ്രത്യേകതയാണ്. ഇപ്പോൾ ഒരു മാസം ഒരു ലക്ഷം കാറുകൾ വിൽക്കുന്നുണ്ട്. ഇതിൽ 20,000 എണ്ണം വിൽക്കുന്ന മാരുതി ആൾട്ടോയാണു മുന്നിൽ. അടുത്തമാസം കെ. സീരീസ് എൻജിൻ ഘടിപ്പിച്ച ആൾട്ടോ

കാനറ ബാങ്ക്: എല്ലാ ശാഖയിലും സിബിഎസ് സംവിധാനം

ബാംഗ്ലൂർ: കാനറ ബാങ്ക് 100% ശാഖകളിലും കോർ ബാങ്കിങ് സൊല്യൂഷൻ സൗകര്യമെന്ന ലക്ഷ്യം കൈവരിച്ചു. ബാങ്കിന്റെ 3057 ശാഖകളിലും സിബിഎസ് സംവിധാനം ഏർപ്പെടുത്തിയതായി ബാങ്ക് അധികൃതർ അറിയിച്ചു. എക്സൈസ്, സേവന നികുതികൾ, പ്രത്യക്ഷ നികുതി, കസ്റ്റംസ് തിരുവ തുടങ്ങിയവയെല്ലാം ഇ-പേമെന്റ് വഴി നിക്ഷേപിക്കൽ, ഓൺലൈൻ ഓഹരിവ്യാപാരം നടത്താനായി ഡിമാറ്റ് അക്കൗണ്ട് തുറക്കൽ തുടങ്ങി വിവിധ സേവനങ്ങൾ ഇതോടെ ഇടപാടുകാർക്കു ലഭിക്കും.

വിദൂര ശാഖകളിൽനിന്നു പോലും അക്കൗണ്ടിൽ പണം നിക്ഷേപിക്കുകയോ പിൻവലിക്കുകയോ ചെയ്യുകയെന്നതടക്കമുള്ള പതിവു സേവനങ്ങൾക്കു പുറമെയാണിത്.

ടെലിബാങ്കിങ്, മണി ട്രാൻസ്ഫർ,

തേർഡ് പാർട്ടി അക്കൗണ്ടിൽ പണം നിക്ഷേപിക്കൽ, വായ്പാതുക ഓൺലൈൻ ആയി തിരിച്ചടയ്ക്കൽ, എസ്എംഎസ് വഴിയുള്ള അറിയിപ്പുകൾ ഇടപാടുകാർക്കു ലഭ്യമാക്കൽ തുടങ്ങിയ സൗകര്യങ്ങളും ഇതോടെ എല്ലാ അക്കൗണ്ട് ഉടമകൾക്കും എല്ലാ ശാഖകളിലും ലഭ്യമാകും.

ഓണാഘോഷം ഓഗസ്റ്റ് 21ന്

മെൽബൺ: വിക്ടോറിയ മലയാളി അസോസിയേഷന്റെ ഓണാഘോഷ പരിപാടികൾ ഓഗസ്റ്റ് 21ന് വാൻടിർനയിൽ നടക്കും. രാവിലെ 10.30ന് ബൊറോനിയ റോഡിലുള്ള ഹംഗേറിയൻ കമ്യൂണിറ്റി ഹാളിൽ പുക്കള മത്സരത്തോടെ പരിപാടികൾ ആരംഭിക്കും. തുടർന്ന് സാംസ്കാരിക പരിപാടികളും നടക്കും.

ഇന്ത്യക്കെതിരെ ഇരട്ട സെഞ്ചറി നേടിയ സംഗക്കാരയുടെ ആഹ്ലാദം

RNI No. 65823/95 Owned by Sree Ram Charitable Trust, Edited and Published by Swami Krishnananda Saraswathy, Reg. Office: Ambika Bhavan, G.P.O. Lane, Statue, Thiruvananthapuram - 695 001.
Phone : 0471-3012185, Fax : 0471 -2462464. E-mail : punnyabhoomi@hotmail.com. Website : www.punnyabhoomi.org